സ്കീമും ആയിട്ടില്ല. അതിൽ ഏറ്റവും പ്രധാന ഘടകം, ഐഡന്റിഫൈ ചെയ്യാൻ പറ്റുന്നില്ല എന്നുള്ളതാണ്. ഒരാളുടെ 5000 താറാവ് ചത്തുപോയി എന്നു പറഞ്ഞാൽ എവിടെനിന്നാണ് ഈ രോഗം വന്നത്, എങ്ങനെയാണ് എന്നറിയാൻ പറ്റുന്നില്ല. ഏതായാലും പശുക്കൾക്കൊക്കെ ഇങ്ങനെ സംഭവിക്കുമ്പോൾ ഇൻഷ്വറൻസ് സ്കീം ഏർപ്പെടുത്തിയതുപോലെ താറാവുകർഷകർക്ക് ആശ്വാസകരമായിട്ടുള്ള എന്തെങ്കിലും ഒരു സ്കീം ഏർപ്പെടുത്തുന്ന കാര്യം ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(ഭ) നാവായിക്കുളം പഞ്ചായത്തിൽ കാലവർഷക്കെടുതികൾമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : സർ, കിളിമാനൂർ നിയോജക മണ്ഡലത്തിലെ നാവായിക്കുളം പഞ്ചായത്തിൽ കാഞ്ഞിരംവിള, എള്ളൂർക്കോണം പ്രദേശങ്ങളിൽ കഴിഞ്ഞ ശനിയാഴ്ച രാത്രി ഏകദേശം രണ്ട് മണിക്ക് ഉണ്ടായ ചുഴലിക്കൊടുങ്കാറ്റിൽ 40 ഓളം വീടുകൾ ഭാഗികമായി തകർന്നുപോകുകയും വൈദ്യുതി, ടെലിഫോൺ പോസ്റ്റുകൾ നിലംപതിച്ച് വൈദ്യുതിവിതരണം നിലയ്ക്കുകയും ടെലിഫോൺ ബന്ധം വിച്ഛേദിക്കപ്പെടുകയും ചെയ്യുകയുണ്ടായി. വീടുകൾക്ക് പൊട്ടലുകളും വിള്ളലുകളും സംഭവിച്ചിട്ടുണ്ട്. ഓടു മേഞ്ഞ വീടുകളുടെ ഓടും ആസ്ബസ്റ്റോസ് മേഞ്ഞ വീടുകളുടെ ആസ്ബസ്റ്റോസുമൊക്കെ അതിശക്തമായ കൊടുങ്കാറ്റിൽ പറന്നുപോയി. കൂടാതെ ചേന, മരച്ചീനി, വാഴ, കുരുമുളക് തുടങ്ങിയ കാർഷികവിളകൾക്കും നാശനഷ്ടം ഉണ്ടായിട്ടുണ്ട്. നാവായിക്കുളം പഞ്ചായത്തിൽ വീശിയടിച്ച അതിശക്തമായ ചുഴലിക്കൊടുങ്കാറ്റ് ഈ ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിലെ ചില പ്രദേശങ്ങളിലും ഉണ്ടായി. അവിടങ്ങളിലും വമ്പിച്ച നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. മുതിർന്നവർ പറയുന്നത് 100 വർഷങ്ങൾക്കുള്ളിൽ ഇതുപോലുള്ള ഒരു ചുഴലിക്കൊടുങ്കാറ്റ് ഉണ്ടായിട്ടില്ല എന്നാണ്. ഇത്ര വലിയ പ്രകൃതിക്ഷോഭത്തിന് ഇരയായവരുടെ വീടുകൾക്കും കാർഷികവിളകൾക്കും ഉണ്ടായ നാശനഷ്ടങ്ങൾ എത്രയും പെട്ടെന്ന് തിട്ടപ്പെടുത്തി അവർക്ക് ആവശ്യമായ സാമ്പത്തിക സഹായവും മറ്റ് സഹായങ്ങളും ചെയ്യാൻ നടപടി സ്വീകരിക്കണമെന്ന് ഞാൻ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് താലൂക്കിൽ നാവായിക്കുളം വില്ലേജിൽ കാഞ്ഞിരംവിള, വെള്ളൂർക്കോണം എന്നീ പ്രദേശങ്ങളിലാണ് 17-ാം തീയതി 3.30-ന് ശക്തമായ മഴയും ചുഴലിക്കാറ്റുമുണ്ടായത്. കാഞ്ഞിരംവിള ഭാഗത്ത് 40 വീടുകളും വെള്ളൂർക്കോണം ഭാഗത്ത് 5 വീടുകളും ഭാഗികമായി നശിച്ചിട്ടുണ്ട്. വീടിന്റെ ഓടുകൾ ധാരാളം പൊട്ടി, ചുമരിടിഞ്ഞു. ഇത്തരത്തിലാണ് നാശനഷ്ടമുണ്ടായത്. ടെലിഫോൺ പോസ്റ്റുകൾക്കും, ഇലക്ട്രിക് പോസ്റ്റുകൾക്കും തകരാറ് പറ്റിയിട്ടുണ്ട്. അത്തരം സംഭവങ്ങൾ അതാതു ഡിപ്പാർട്ടുമെന്റ് പരിശോധിച്ച് പരിഹാരമുണ്ടാക്കുന്നതിന് ശ്രമിക്കുന്നുണ്ട്. തെങ്ങ്, മാവ്, പ്ലാവ്, തുടങ്ങിയ മരങ്ങൾ കടപുഴകി വീണിട്ടുണ്ട്. അതുപോലെ കൃഷിയിനങ്ങളായ മരച്ചീനി, വാഴ തുടങ്ങിയ കാർഷികവിളകൾക്കും നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. ഏകദേശം 10 ലക്ഷംരൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്നാണ് പ്രാഥമികമായ വിവരങ്ങൾ. കാർഷിക വിളകൾക്കുണ്ടായിട്ടുള്ള നഷ്ടങ്ങളുടെ കണക്ക് പരിശോധിച്ചുവരികയാണ്. വീടുനഷ്ടപ്പെട്ടവർക്ക് അടിയന്തിരസഹായം നൽകുന്നതിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. കഴിയുന്നതുംവേഗം

LIBRARY ARCHIVES Kerala Legislative Assembly

സമയബന്ധിതമായി ഈ പ്രദേശങ്ങളിൽ ഉണ്ടായിട്ടുള്ള നഷ്ടങ്ങൾ കണക്കാക്കി നഷ്ടപരിഹാരം നൽകുന്നതിനാവശ്യമായ നിർദ്ദേശം ഗവൺമെന്റ് നൽകിയിട്ടുണ്ട്. ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(9) തമിഴ്നാട്ടിൽനിന്നും കൊണ്ടുവരുന്ന കോഴികൾക്ക് ടാക്സ് ഏർപ്പെടുത്തൽ

ശ്രീ. സത്യൻ മൊകേരി : സർ, കേരളത്തിലെ പതിനായിരക്കണക്കിന് കോഴികർഷകർ നേരിടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്. ഒരുലക്ഷത്തിലധികം പൗൾട്രി ഫാമുകൾ കേരളത്തിലുണ്ട്. ഏകദേശം 5 ലക്ഷം കർഷകകുടുംബങ്ങൾ അവരുടെ ഉപജീവനമാർഗ്ഗമായി ഈ പൗൾട്രിഫാമുകളെ ആശ്രയിക്കുകയാണ്. അടുത്തകാലത്തായി തമിഴ്നാട്ടിൽനിന്ന് നിർബാധം വന്നുകൊണ്ടിരിക്കുന്ന കോഴികൾ കേരളത്തിന്റെ മാർക്കറ്റ് പിടിച്ചടക്കിക്കൊണ്ടിരിക്കുകയാണ്. 50 കോടി രൂപയിലധികം റ്റേൺ ഓവറുള്ള ബിസിനസ് നടത്തുന്ന പൗൾട്രി ഫാമുകളുള്ള ഉടമകളാണ് തമിഴ്നാട്ടിലുള്ളത്. നമ്മുടെ ചെക്ക്പോസ്റ്റുകളിലൂടെ വന്ന് ടാക്സ് വെട്ടിച്ചുകൊണ്ട് അവർ നമ്മുടെ മാർക്കറ്റ് കൈയടക്കിക്കൊണ്ടിരിക്കുകയാണ്. അതുപോലെ തമിഴ്നാട്ടിൽനിന്ന് ഇന്റഗ്രേഷൻ എന്നുപറഞ്ഞ് നമ്മുടെ പരമ്പരാഗതമായ പൗൾട്രിഫാമുകളെ തകർത്തുകൊണ്ട് ഇന്റഗ്രേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. 'ഓൺ യൂസ്' എന്ന പേരിൽ ടാക്സില്ലാതെ കോഴിത്തീറ്റകൾ ഇവിടെ കൊണ്ടുവന്ന് നമ്മുടെ മാർക്കറ്റ് കൈയടക്കുകയാണ്. അതുപോലെ ചെക്ക്പോസ്റ്റുകളിൽക്കൂടി കാളിറ്റി ചെക്കില്ലാത്ത യാതൊരുവിധ ഗുണമേന്മയും ഉറപ്പുവരുത്താതെ ലക്ഷക്കണക്കിന് കോഴികൾ ദിവസേന നമ്മുടെ മാർക്കറ്റിലേയ്ക്ക് വന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ ഏറ്റവും വിശാലമായ മാർക്കറ്റ് (കോഴിയിറച്ചിയുടെ മാർക്കറ്റ്) കൈയടക്കുന്നതിനുവേണ്ടിയുള്ള വലിയ ഒരു പരിശ്രമമാണ് തമിഴ്നാട് പൗൾട്രിഫാം ലോബി നടത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഗവൺമെന്റ് ഈ കാര്യത്തിൽ അടിയന്തിരമായി ഇടപെടേണ്ടതുണ്ട്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പ്രത്യേകം താൽപ്പര്യമെടുത്ത് ടാക്സ് വെട്ടിച്ചുകൊണ്ടുവരുന്ന കോഴികൾക്ക് ന്യായമായ രീതിയിൽ തീരുമാനിക്കപ്പെടുന്ന ടാക്സ് ചുമത്തുന്നതിനും അതുപോലെ 'ഓൺ യൂസ്' എന്ന പേരിൽ ഇവിടെ കൊണ്ടുവരുന്ന കോഴിത്തീറ്റകൾക്ക് ടാക്സ് ഏർപ്പെടുത്തുന്നതിനും കേരളത്തിലെ കോഴികർഷകരിൽനിന്ന് കോഴിത്തീറ്റയുടെ പേരിൽ ഈടാക്കുന്ന ടാക്സ് സബ്സിഡിയായി കോഴിക്കർഷകർക്ക് തിരിച്ചുനൽകുന്നതിനു കോഴിക്കർഷകർക്ക് വൈദ്യുതി സൗജന്യമായി നൽകി അവരെ സംരക്ഷിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, കേരളത്തിൽ വളർത്തി വിപണനം ചെയ്യുന്ന ഇറച്ചിക്കോഴികളെ വിൽപ്പനനികുതിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ കേരളത്തിൽ ഇറക്കുമതി ചെയ്യപ്പെടുന്ന കോഴികൾ വിൽപ്പനനികുതിക്ക് വിധേയമാണ്. അന്യസംസ്ഥാനങ്ങളിൽനിന്നും മതിയായ രേഖകളില്ലാതെ കൊണ്ടുവരുന്ന കോഴികൾക്ക് ചെക്ക്പോസ്റ്റുകളിൽ നിയമപ്രകാരമുള്ള ജാമ്യസംഖ്യ നൽകിയശേഷം മാത്രമേ സംസ്ഥാനത്ത് വിപണനം നടത്താൻ സാധിക്കുകയുള്ളൂ. നിലവിലുള്ള നിയമപ്രകാരം ഇറക്കുമതി ചെയ്യപ്പെടുന്ന കോഴികൾക്ക് 10 ശതമാനം വിൽപ്പന നികുതി നൽകേണ്ടതുണ്ട്. ആവശ്യമായ രേഖകളില്ലാതെ കൊണ്ടുവ

LIBRARY ARCHIVES Kerala Legislative Assembly